(ii) പേർഷ്യൻ–തുർകി ഭാഷകളിൽ

ഉർദുവിലെന്ന പോലെ പേർഷ്യൻ സാഹിത്യത്തിലും ഇസ്‌ലാമിക സാഹിത്യപ്രസ്ഥാനത്തെ പ്രചോദിപ്പിക്കുന്നതിൽ മഹാകവി അല്ലാമഃ മുഹമ്മദ് ഇഖ്ബാൽ വഹിച്ച പങ്ക് നിസ്സീമമാണ്. ഇഖ്ബാലിന്റെ ദാർശനിക പ്രധാനങ്ങളായ കവിതകളിൽ മിക്കതും രചിക്കപ്പെട്ടത് പേർഷ്യൻ ഭാഷയിലാണ്. ജലാലുദ്ദീൻ റൂമി, ഫരീദുദ്ദീൻ അത്താർ, സഅ്ദി ശീറാസി തുടങ്ങിയ സൂഫീ കവികളുടെ മഹനീയ പാരമ്പര്യവും പേർഷ്യൻ ഭാഷക്കുണ്ട്. അറബി –ഉർദു ഭാഷകളിലെന്നപോലെ ഇസ്‌ലാമും പടിഞ്ഞാറും തമ്മിലുള്ള സംഘട്ടനം വിപ്ലവത്തിനു തൊട്ടു മുമ്പുവരെ പേർഷ്യൻ സാഹിത്യത്തിലും രൂക്ഷമായിരുന്നു. ഖുമൈനിയുടെ നേതൃത്വത്തിൽ അരങ്ങേറിയ ഇസ്‌ലാമിക വിപ്ലവം ജീവിതത്തിന്റെ ഇതര മേഖലകളിലെന്നപോലെ സാഹിത്യത്തിലും സാരമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. വിപ്ലവാചാര്യനായ ഖുമൈനി തന്നെ ഒരൊന്നാംകിട കവിയായിരുന്നു. വിപ്ലവത്തിന്റെ ദാർശനിക ശക്തികളിൽ പ്രമുഖനായ ഡോ. അലി ശരീഅതി നോവൽ, നാടകം, കവിത തുടങ്ങിയ മേഖലകളിലെല്ലാം ലബ്ധ പ്രതിഷ്ഠനായിരുന്നു. കലയെയും സാഹിത്യത്തെയും കുറിച്ച് ഗഹനമായ ഉൾക്കാഴ്ചയോടെ എഴുതിയിട്ടുള്ള പ്രഗല്ഭനായ കലാ മർമജ്ഞൻ കൂടിയായിരുന്നു അദ്ദേഹം. ഇസ്‌ലാമിക വിപ്ലവത്തിന്റെ മൂല്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സാഹിത്യ രചന നടത്തുന്ന ഒട്ടേറെ പേരുണ്ട്. അവരിൽ ഹുസൈൻ ഇസ്‌റാഫീലി, ഖൈസർ അമീൻപൂർ, സാഇദ് ബാഖിരി, സിമീൻ ബഹ്ബഹാനി, മുഹമ്മദ് അലി ബഹ്മനി, പർവീസ് ഹബീബാബാദി, നൂദർ പുറങ്, ദിയാഉദ്ദീൻ ത്വുറാബി, ഹുസൈൻ ഹുസൈനി, അബ്ബാസ് ഖുശ് അമൽ, ഫാത്വിമഃ റാകിഈ, ഹമീദ് സബ്സവാരി, സുഹൈൽ മഹ്മൂദി, ബഹ്മൻ സ്വാലിഹി, പർവീസ് അബ്ബാസ് ഭാകാനി, അഹ്മദ് അസീസി, അലി രിദാ ഖസ്‌വ, അബ്ദുൽ ജബ്ബാർ കാകായി, നസ്‌റുല്ലാ മർദാനി, ഫഖ്റുദ്ദീൻ മസാരിഈ, മുശ്ഫിഖ് കാശാനി, യൂസുഫ് അലി മീർ ശകാക്, സ്ഹ്റാ നാറഞ്ചി, സായ, സൽമാൻ ഹറാതി, മുഹമ്മദ് രിദാ, അബ്ദുൽ മലികിയാൻ തുടങ്ങിയവർ പ്രശസ്തരാണ്.

19–ാം നൂറ്റാണ്ടിലാണ് ആധുനിക തുർകി സാഹിത്യം ജന്മംകൊള്ളുന്നത്. ഉർദു, അറബി, പേർഷ്യൻ ഭാഷകളിലെന്നപോലെ തുർകിയിലും പാശ്ചാത്യ സാഹിത്യവുമായുള്ള സമ്പർക്കത്തിന്റെ ഫലമായി നോവൽ, ചെറുകഥ, നാടകം തുടങ്ങിയവ ഉദ്ഘാടനം ചെയ്യപ്പെട്ടു. ഈ കാലഘട്ടത്തിലെ സാഹിത്യകാരൻമാരിൽ ഏറ്റവും പ്രഗല്ഭൻ നാമിഖ് കമാൽ ആയിരുന്നു. ആധുനിക തുർകി സാഹിത്യത്തിന്റെ മിക്ക ശാഖകളുടെയും പ്രോദ്ഘാടകൻ അദ്ദേഹമാണ്. ചരിത്രം, കവിത, നാടകം, നോവൽ തുടങ്ങി അദ്ദേഹം കൈവെക്കാത്ത മേഖലകൾ ചുരുങ്ങും. ആത്മാർഥതയും ധീരതയുമുള്ള മുസ്‌ലിമായിരുന്ന അദ്ദേഹം അന്ധമായ പാശ്ചാത്യാനുകരണത്തെ ശക്തമായി എതിർത്തിരുന്നു. ആധുനിക തുർകി കവിതയുടെ പിതാവായി അറിയപ്പെടുന്ന അബ്ദുൽ ഹഖ് ഹാമിദും നാമിഖ് കമാലിനെപ്പോലെ ഇസ്‌ലാമികാഭിമുഖ്യം പുലർത്തിയ എഴുത്തുകാരനായിരുന്നു. കവിതക്ക് പുറമേ ധാരാളം നാടകങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട്. 100–ഓളം നോവലുകളെഴുതിയ മിദ്ഹത് പാഷയാണ് 19–ാം നൂറ്റാണ്ടിലെ പ്രഗല്ഭനായ മറ്റൊരു സാഹിത്യകാരൻ.

19–ാം നൂറ്റാണ്ടിലെ തുർകി സാഹിത്യകാരന്മാർ മുസ്‌ലിം സമൂഹത്തിന്റെ പുരോഗതിക്കായി പടിഞ്ഞാറിന്റെ നല്ല വശങ്ങൾ സ്വീകരിക്കാൻ ഔൽസുക്യം കാട്ടിയപ്പോൾ തന്നെ ഇസ്‌ലാമിക പാരമ്പര്യങ്ങളോടുള്ള ആഭിമുഖ്യം നിലനിർത്തുവാനും ജാഗ്രത പുലർത്തിയിരുന്നു. എന്നാൽ 20–ാം നൂറ്റാണ്ടിൽ ഇസ്‌ലാമിക–പൗരസ്ത്യ പാരമ്പര്യങ്ങളെ പരസ്യമായെതിർക്കുന്ന പുതിയൊരു തലമുറ ഉയർന്നുവന്നു. ഈ കാലഘട്ടത്തിലും ഇസ്‌ലാമിക പാരമ്പര്യം ഉയർത്തിപ്പിടിച്ചു ശ്രദ്ധേയനായിത്തീർന്ന നോവലിസ്റ്റാണ് ഹുസൈൻ റഹ്മി ഗോർ പനാർ (1864–1944). പാശ്ചാത്യരെ അന്ധമായി എതിർക്കുന്നവരെ തന്റെ കൃതികളിലൂടെ മൂർച്ചയുള്ള പരിഹാസത്തിന് വിധേയരാക്കുന്നുണ്ട് അദ്ദേഹം. ഈ കാലഘട്ടത്തിലെ ഇസ്‌ലാം സ്നേഹികളായ കവികളിൽ ഏറ്റവും പ്രഗല്ഭനാണ് മുഹമ്മദ് ആകിഫ്. ഉർദു പേർഷ്യൻ കവിതകളിൽ അല്ലാമഃ മുഹമ്മദ് ഇഖ്ബാലിനുള്ള സ്ഥാനമാണ് തുർകി കവിതയിൽ ആകിഫിന് നല്കപ്പെടുന്നത്. ഇവർക്ക് ശേഷം ഉയർന്നുവന്ന തലമുറയിൽ യഹ്‌യാ കമാൽ ബായത്‌ലി, ആരിഫ് നഹാദ് എന്നിവരാണ് ശ്രദ്ധേയർ. ഇപ്പോൾ വ്യക്തമായ ഇസ്‌ലാമിക കാഴ്ചപ്പാട് പുലർത്തുന്ന കവികളും നോവലിസ്റ്റുകളും കഥാകൃത്തുക്കളും തുർകിയിൽ ധാരാളമായി ഉയർന്നുവരുന്നുണ്ട്. സനആയി ഖുർറകോഘ് ആണ് അവരിൽ പ്രമുഖൻ. ആകിഫ് ഇനാൻ, റാസിം ഓസോൻ അവരീൻ, നൂരി പാക്ദിൽ, ജാഹിദ് ഇരീഫ് ഓഗ്‌ലു, അബ്ദുല്ലാ ദിയാ, ഫരീദുദ്ദീൻ ഫാസിൽ, മുസ്ത്വഫാ നജാഹി, സാമിഹാ ഐവർദി, ജുനൈദ് സആവി, ഉഥ്മാൻ യഗീഥ് തുടങ്ങിയവരും ഈ വിഭാഗത്തിന്റെ പ്രതിനിധികളാണ്. നോവൽ, ചെറുകഥ, നാടകരചനാ രംഗങ്ങളിൽ അറബി, ഉർദു–പേർഷ്യൻ ഭാഷകളെ അപേക്ഷിച്ച് ഏറെ മുന്നോട്ടുപോകാൻ കഴിഞ്ഞിരിക്കുന്നു എന്നത് തുർകി സാഹിത്യത്തിന്റെ സവിശേഷതയാണ്. റാബിത്വതുൽ അദബിൽ ഇസ്‌ലാമിയുടെ ശക്തമായ ഒരു ശാഖ തുർകിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. അതിന്റെ കീഴിൽ ഇസ്‌ലാമിക സാഹിത്യം (***Edebiyyat Islamic***) എന്ന പേരിൽ ഒരു ത്രൈമാസികയും പുറത്തിറങ്ങുന്നു. അലിനാർ ആണ് പത്രാധിപർ. റാബിത്വതുൽ അദബിൽ ഇസ്‌ലാമി സംഘടിപ്പിച്ച അന്താരാഷ്ട്ര ഇസ്‌ലാമിക സാഹിത്യ സെമിനാറുകളിൽ ഒന്ന് തുർകിയിലെ ഇസ്തംബൂളിലായിരുന്നു.